ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

പ്രസിദ്ധീകരണത്തിന്

തീയതി 16.04.2018

# കരമന - കളിയിക്കാവിള റോഡ്; രണ്ടാം റീച്ച് ടെണ്ടർ ചെയ്തു : മന്ത്രി ജി.സുധാകരൻ

കരമന - കളിയിക്കാവിള നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രോജക്ടിന്റെ ഒന്നാംഘട്ടത്തിലെ രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗം ടെണ്ടർ ചെയ്തതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു. കിഫ്ബി ധനസഹായത്തിൽ നടത്തുന്ന രണ്ടാം റീച്ചിന്റെ റോഡ് പണിക്ക് മാത്രമായ പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് 111.50 കോടി രൂപയ്ക്ക് അംഗീകരിക്കുകയും ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തു. കോടതി കേസുകൾ വഴിയുണ്ടായ ചെറിയ പ്രതിബന്ധങ്ങൾ പരിഹരിക്കാൻ എം.എൽ.എമാരും, ഉദ്യോഗസ്ഥരും ഉൾപ്പെടെ നടത്തിയ ചർച്ചയുടെ ഭാഗമായി പ്രവൃത്തി ഉടൻ ആരംഭിക്കാനും, കേസുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാനും തീരുമാനമായിട്ടുണ്ടെന്നും 93% ൽ അധികം ഭൂമി മരാമത്ത് വകുപ്പിന് ലഭ്യമായിട്ടുണ്ടെന്ന റിപ്പോർട്ട് ലഭിച്ചതായും മന്ത്രി അറിയിച്ചു.

പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കിലോമീറ്റർ ഭാഗത്തെ ഭൂമിയെടുപ്പ് നടപടികൾ കേസിലുള്ള ഒരാളുടേതൊഴികെ വേഗത്തിൽ പൂർത്തിയാക്കുകയും പൊതുമരാമത്ത് വകുപ്പ് 266 കോടി രൂപ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാനായി ജില്ലാ കളക്ടർക്ക് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കിലോമീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭൂമിയെടുപ്പിനായി 98.1 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ട് ഉടൻ നൽകുന്നതാണെന്നും മന്ത്രി പറഞ്ഞു.

വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള കരട് അലൈൻമെന്റ് തയ്യാറാക്കി പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വന്ന അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്നും ഉടൻ കരട് നിർദ്ദേശം നൽകുന്നതാണെന്നും മന്ത്രി പറഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിന്റെ ലാന്റ് അക്വസിഷൻ നടപടികൾ ത്വരിതപ്പെടുത്തുകയും ബന്ധപ്പെട്ടവരുടെ യോഗം ചേരുകയുമുണ്ടായി. റവന്യു വകുപ്പ് ഭൂമിയെടുപ്പിന്റെ സൗകര്യാർത്ഥം ആദ്യഘട്ടമായി പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെട്ട ഭൂമിയും രണ്ടാം ഘട്ടമായി അതിയന്നൂർ, കോട്ടുകാൽ വില്ലേജുകളിലെ സ്ഥലവും അക്വയർ ചെയ്യാനാണ് തീരുമാനിച്ചത്.

കരമന - കളിയിക്കാവിള റോഡ് വികസനത്തിന്റെ കാര്യത്തിൽ ഈ സർക്കാർ ഗൗരവമായ ഇടപെടലുകൾ നടത്തുകയും കൃത്യമായി പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ടെന്നും, നടപടിക്രമങ്ങളുടെ പേരിൽ ഉണ്ടാകുന്ന സ്വാഭാവിക താമസങ്ങളല്ലാതെയുള്ള കാലതാമസം ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനിടയിൽ രാഷ്ട്രീയ മുതലെടുപ്പിനായി നടത്തുന്ന അനാവശ്യ സമരങ്ങളെ ജനങ്ങൾ തള്ളിക്കളയണമെന്നും മന്ത്രി ജി. സുധാകരൻ പറഞ്ഞു.